**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3367** **25-10-2021 - ൽ മറുപടിയ്ക്ക്**

**മാനന്തവാടി വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭവന നിർമ്മാണ വകുപ്പ് മാനന്തവാടിയിൽ നിർമ്മിച്ച വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ നിലവിലെ പ്രവർത്തനം വിശദീകരിക്കാമോ; | (എ) | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മാനന്തവാടിയിൽ നിർമ്മിച്ച വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ സിവിൽ വർക്കുകളുടെ പണികൾ തീർന്നിട്ടുള്ളതും, ഇലക്ട്രിക്കൽ പണികൾ 99% തീർന്നിട്ടുള്ളതുമാണ്. വർക്കിംഗ് വിമൻസ് ഹോസ്റ്റലിൽ അന്തേവാസികളെ താമസിപ്പിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു . |
| (ബി) | ഈ സ്ഥാപനത്തിന്റെ നടത്തിപ്പും മറ്റ് ചുമതലകളും വഹിക്കുന്ന ഉദ്യോഗസ്ഥന്റെ തസ്തിക അറിയിക്കാമോ; | (ബി) | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ വയനാട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് മാനന്തവാടി വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ നടത്തിപ്പും മറ്റ് ചുമതലകളും വഹിക്കുന്നത് . |
| (സി) | നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ സ്ഥാപനത്തിൽ നടത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | വനിതാ ജീവനക്കാർക്ക് മിതമായ ചിലവിൽ സുരക്ഷിതവും സൗകര്യ പ്രദവുമായി താമസിക്കുന്നതിന് സൗകര്യം ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഒരു ബെഡ് സിക്ക് റൂം, വികലാംഗർക്കായി ഒരു 6 ബെഡ് ഡോർമെട്രിയും ഉൾപ്പെടെ ആകെ 169 കിടക്കകൾ ഉൾക്കൊള്ളിച്ചിട്ടുള്ള 3256.82 ച.മീ വിസ്തീർണ്ണമുള്ള 3 നില കെട്ടിടമാണ് പദ്ധതിയിലൂടെ ഉദ്ദേശിച്ചത്. എല്ലാ മുറികൾക്കും attached ടോയ് ലെറ്റ് സൗകര്യങ്ങൾ ഉണ്ട്. കൂടാതെ 57 കുട്ടികളെ ഉൾക്കൊള്ളിക്കാവുന്ന ഒരു day care centre ഈ കെട്ടിടത്തിന്റെ താഴത്തെ നിലയിൽ ഉണ്ട്. |

സെക്ഷൻ ഓഫീസർ